
# ഡിജിറ്റൽ കാർത്തിക




**KARTHIKA THIRUNAL GOV. V&HSS FOR GIRLS, MANACAUD, THIRUVANANTHAPURAM**

# എഡിറ്റോറിയൽ

കാലപ്രവാഹത്തിന്റെ പ്രയാണത്തിൽ വീണുകിട്ടിയ
സ്മരണകളെയും അനുഭവങ്ങളെയും നഷ്ടമാക്കാതെ അക്ഷരങ്ങളും,
വാക്കുകളും വരകളും, ചിത്രങ്ങളുമായി ഈ പത്രികയുടെ
താളുകളിൽ നിറക്കാൻ ശ്രമിക്കുന്നു.

പാഠ്യക്രമത്തിൽ കുടുങ്ങി വീർപ്പുമുട്ടുന്ന മസ്തിഷ്കങ്ങളിൽ
സർഗാത്മകതയുടെ നീരുറവകൾ
ഇനിയും ബാക്കി ഉണ്ടെന്നു തെളിയിക്കാൻ നമുക്കീ
താളുകളിലേക്ക് ഇറങ്ങി ചെല്ലാം.

പുതിയ തലമുറ ഡിജിറ്റൽ യുഗത്തിലാണല്ലോ? അതുകൊണ്ട്
തന്നെ ഡിജിറ്റൽ വായനക്കായി നിങ്ങളുടെ മുമ്പിൽ
***ഡിജിറ്റൽ കാർത്തിക*** സമർപ്പിക്കുന്നു.

സ്നേഹത്തോടെ........

എഡിറ്റർ

# ഇവർ ഞങ്ങളുടെ സാരഥികൾ............

**AJITHKUMAR S, PRINCIPAL HSS**




**JOTTILA JOYS, PRINCIPAL VHSS**



**VINITHAKUMARI, HEADMISTRESS**



**SAJIKUMAR K J, DEPUTY HM**



# ലിറ്റിൽകൈറ്റ്സ് സ്ക്കൂൾതല ഭരണസമിതി

















# താളുകൾക്കള്ളിൽ...........


എന്റെ പ്രകൃതി

കടംകഥകൾ

പിറന്നാൾ സമ്മാനം

ഊട്ടിയിലേയ്ക്ക് ഒരു യാത്ര

അതിമോഹം ആപത്ത്

നിശാഗന്ധി

കൂട്ട്

ബാല്യകാലം


കലാലയം

examination

my mother

मेरी प्यारी माँ

मेहनत का महत्व

Abhirami S, 8D

# എന്റെ പ്രകൃതി


പച്ച  വിരിപ്പിൽ
പുഞ്ചിരിച്ചു നിൽക്കുന്ന
വർണശബളമാം പുഷ്പങ്ങളെ
ഞാൻ ഓർത്തു.
മധുരമുള്ള നാദത്തിൽ
കിളികളുടെ സംഗീതം
കാതിൽ മുഴങ്ങി
അതിൽ മധുരം മാത്രം
നിരപോലെ നിൽക്കുന്ന
മലകൾക്കിടയിലൂടെ
നിറമെന്തെന്നറിയാത്ത പുഴ
മനോഹാരിതയിൽ ഓഴുകുന്നു
ഞാനെന്റെ പുസ്തകത്തിൽ
കവിത കുറിച്ചപ്പോൾ
ഇതും ഞാൻ
കവിതയായ് കുറിച്ചു
പുഞ്ചിരിച്ചു നിൽക്കുന്ന
പ്രകൃതിയെ സമ്മനിച്ച
ദൈവത്തിനായിരം പ്രണാമം
ആയിരം പ്രണാമം

*Aswathy A S, 7A*

# കടങ്കഥകൾ

- ഒരുമുറി തേങ്ങ കൊണ്ട് നാടാകെ കല്യാണം
  ചന്ദ്രൻ
- എനിക്ക് മൂന്നു കണ്ണാണ്.
  പക്ഷെ ഞാൻ അന്ധനുമാണ്
  -തേങ്ങ
- കാലിൽ പിടിച്ചാൽ തോളിൽ കയറും
  -കുട
- അമ്മയെ കുത്തി മകൻ മരിച്ചു
  -തീപ്പെട്ടിക്കൊള്ളി
- പച്ചപ്പട്ടുടുത്ത് മുത്തുക്കുട പിടിച്ചു
  ആയിരം മക്കൾക്കമ്മയായി
  -വാഴ

-ജിൻസിന ഖാൻ എൻ. എച്ച്
8C



# പിറന്നാൾ സമ്മാനം

ഉണ്ണിക്കുട്ടന് രാത്രി കിടന്നിട്ട് ഉറക്കം വരുന്നില്ല. കാരണം, നാളെ തൻെറ  പിറന്നാൾ ആയത് കൊണ്ടാവാം . അച്ഛൻ വിട്ട് പിരിഞ്ഞിട്ട് തൻെറ ജിവിതത്തിലെ  മൂന്നാമത്തെ പിറന്നാളാണ്. തനിക്ക് ഇപ്പോ 9 വയസ്സാകാൻ പോകുന്നു . അച്ഛൻ പോയതിൽ പിന്നെ തൻെറ കാര്യങ്ങളൊക്കെ ഒറ്റക്ക് നോക്കുന്നത് അമ്മയാണ് . തനിക്കു നാളെ എന്തായിരിക്കും വാങ്ങിതരാൻ പോകുന്നത് ആലോചിച്ചാണ് ഉണ്ണിക്കുട്ടന് ഉറക്കം വരാത്തത് .

ഉണ്ണിക്കുട്ടൻ അന്ന്  രാത്രി മനസ്സിൽ ആലോചിച്ചു .  "തനിക്ക്  ഇപ്പോ ഒമ്പതു വയസ്സായി അമ്മയെ സഹായിക്കാനുള്ള കരുത്തൊക്കെ തനിക്കുണ്ട് നാളെ മുതൽ അമ്മ ജോലിക്ക് പോയിതിരിച്ച് വരുമ്പോൾ താൻ വിട്ടിലെ ജോലിയെല്ലാം അമ്മയെ സഹായിക്കണം. സ്കൂൾ നേരത്തെ കഴിയുമല്ലോ ? " അങ്ങനെ ഓർത്ത് ഓർത്ത് ഉണ്ണിക്കുട്ടൻ പതുക്കെ ഉറക്കത്തിലേക്ക് വഴുതിവീണു.

പിറ്റേന്ന് രാവിലെ അമ്മ ഉണ്ണിക്കുട്ടനെ വിളിച്ച് ഉണർത്തി. പതിവ് പോലെ ഉണ്ണി പറഞ്ഞു "അമ്മ കുറച്ച് നേരവും കൂടി, വെളിയിൽ എന്താ തണുപ്പ്."  അമ്മ പറഞ്ഞു" ഇന്ന് ഉണ്ണിയുടെ പിറന്നാളല്ലേ ? നമുക്ക് അമ്പലത്തിൽ പോയി തൊഴണ്ടേ? ഉണ്ണിയുടെ ആഗ്രഹങ്ങളൊക്കെ ഈശ്വരൻെറ അടുത്ത് പറയണ്ടേ? ഈശ്വരൻ അതൊക്കെ നടത്തി തരും. "ഉണ്ണി ചാടി

എഴുന്നേറ്റു തണുത്ത വെള്ളത്തിൽ കുളിച്ചു കയറി. പുതിയ വസ്ത്രങ്ങൾ ഇട്ട് അച്ഛന്റെ ഫോട്ടോക്ക് മുമ്പിൽ നിന്ന് അവൻ തന്റെ അച്ഛനോടൊപ്പമുള്ള തന്റെ ഓരോ പിറന്നാളും നെഞ്ചിൽ വിങ്ങലോടെ ആലോചിച്ചു. അവസാനം അവന്റെ കണ്ണിൽ നിന്ന് ചൂട് കണ്ണുനീർ കവിളിലൂടെ താഴെ നിലത്ത് വീണ് പൊട്ടിപ്പോയി. അവൻ ആലോചിച്ചു തന്റെ അച്ഛനും ഈ കണ്ണുനീരിന്റെ ആയുസ്സുമാത്രമേയുള്ളുവായിരുന്നു. അവൻ അമ്പലത്തിൽ പോയി തൊഴുതു. അവൻ ദൈവത്തോട് പ്രാർത്ഥിച്ചു.

“ദൈവമേ ഇന്ന് മുതൽ ഞാൻ എന്റെ അമ്മയെ സഹായിക്കാൻ തുടങ്ങുകയാ, എന്നെ അനുഗ്രഹിക്കേണമേ.....”

അങ്ങനെ പ്രാർത്ഥിച്ച് അവർ തിരിച്ച് ഇറങ്ങി. റോഡിലൂടെ നടക്കുന്നതിനിടയിൽ ഉണ്ണി വിചാരിച്ചു. “ അമ്മ എനിക്ക് പിറന്നാൾ വാങ്ങിയോ എന്തോ, അമ്മയോട് ചോദിക്കണോ? ”

അമ്മ ഉണ്ണിയുടെ കൈ പിടിച്ച് റോഡ് ക്രോസ് ചെയ്യുകയായിരുന്നു. സിഗ്നൽ ശ്രദ്ധിക്കാതെ റോഡ് ക്രോസ് ചെയ്തു കാരണംചൂറിപ്പാഞ്ഞ് വന്ന ഒരു കാറിന് ഉണ്ണിക്കുട്ടൻ ഇരയാക്കേണ്ടി വന്നു. അമ്മയുടെ അശ്രദ്ധ കാരണം ഉണ്ണിക്കുട്ടന്റെ ജീവിതം ആ റോഡിലവസാനിച്ചു. രക്തകളത്തിൽ കിടക്കുന്ന ഉണ്ണിയെ കണ്ടപ്പോൾ ഇതേപ്പോലെയൊരു പിറന്നാളിന് തന്നെ വിട്ട് പിരിഞ്ഞ തന്റെ ഭർത്താവിനെയാണ് ഓർമവന്നത്. ഉണ്ണിയുടെ കണ്ണിൽ അമ്മ തന്നെ എന്തിന് അപകടപ്പെടുത്തി എന്നുള്ള ചോദ്യം അലട്ടുന്നതുപോലെ തോന്നി. അത് ഓർത്ത് ഓർത്ത് അമ്മയുടെ മാനസികനിലയാകെ തെറ്റി. ഉണ്ണിയ്ക്കു പിറന്നാൾ സമ്മാനം കൊടുക്കാൻ പറ്റാത്തത് കൊണ്ടാവണം അമ്മ ഇപ്പോഴും ഉണ്ണിയ്ക്കു വേണ്ടി പുതിയ കളിപ്പാട്ടങ്ങൾ വാങ്ങി വയ്ക്കാറുണ്ട്.

Razana, 7A

# ഊട്ടിയിലേക്ക് ഒരു യാത്ര

ഞാൻ മൂന്നാം ക്ലാസ്സിൽ പഠിക്കുമ്പോൾ കുടുംബാംഗങ്ങളുമായി ഊട്ടിയിലേക്ക് ഒരു യാത്ര പോയി. രാവിലെ പത്തു മണിക്കായിരുന്നു യാത്ര പുറപ്പെട്ടത്. പോകുന്ന വഴിയിൽ തടാകവും,മരങ്ങളും,മാനും, മലകളുമെല്ലാം കണ്ടു.ആദ്യം ഞങ്ങൾ പോയതു ബോട്ടിൽ കയറാൻ എനിക്ക് പേടിയായിരുന്നു. അതിനാൽ ഞാൻ മാത്രം ബോട്ടിൽ കയറിയില്ല. അവിടെ നിന്നും കുറെ മിഠായികളും വാങ്ങി. അതു കഴിഞ്ഞ് ഞങ്ങൾ കളി തീവണ്ടിയിൽ കയറി. അത് നല്ല രസകരമായതിനാൽ ഞങ്ങൾ വീട്ടിലേക്കു തിരിച്ചു. മടക്കയാത്ര ആനയുള്ള വഴിലൂടെയായിരുന്നു. എന്നാലും ഊട്ടി യാത്ര ഞാനെന്നുമോർക്കും



Parvathy asok,9A

# അതിമോഹം ആപത്ത്

ഒരിടത്ത് ഒരു ചെറിയ ഗ്രാമത്തിൽ പാവപ്പെട്ട രണ്ട് മനുഷ്യർ ഉണ്ടായിരുന്നു. രാമനും രാഘവനും. ഇവർ രണ്ട് പേരും കൂട്ടുകാരയിരുന്നു. കാട്ടിൽ നിന്ന് പഴങ്ങൾ ശേഖരിച്ച് ആ പഴങ്ങൾ ചന്തയിൽ കൊണ്ടു

പോയി വിൽകുന്നയാളായിരുന്നു രാമൻ. ഒരു പണിയും ചെയ്യാതെ വീട്ടിൽ ഇരുന്ന് രാമനിൽ നിന്ന് പണം വാങ്ങുന്നയാളായിരുന്നു രാഘവൻ. ഒരു ദിവസം രമാന് തീരെ വയ്യ പനിയാണ്. അയാൾ ആശുപത്രിയിൽ ഡോക്ടറെ കാണാൻ പോയി. ആ ഡോക്ടർ രാമന് കുറെ മരുന്ന് എഴുതികൊടുത്തു. പാക്ഷ,രാമൻെറ കൈയ്യിൽ പണം കുറച്ചെയുള്ളു. അങ്ങനെ രാമൻ വീട്ടിൽ ചെന്ന് രാഘവനോട് ചോദിച്ചു. ഇത്കേട്ടയുടൻ രാഘവൻ കതകടച്ചു. ഇത് രാമന് സഹിക്കാൻ കഴിയാത്ത കാഴ്ചയാണ്. കാരണം ഓാരേ ഒരു കൂട്ടുകാരനാണ്. അവൻഎന്നോട് ഈ ചതി ചെയ്തല്ലോ ഭഗവാനേ.......രാമൻ അന്ന് രാത്രി ഉറങ്ങാതെ മുറ്റത്തിരുന്നു.അയാൾ കരഞ്ഞുകെണ്ടോയിരുന്നു. അങ്ങനെയിരിക്കെ ഒരു ശബ്ദം കോൾക്കുന്നതായി രാമന് തോന്നി. അതാരാണെന്ന് നോക്കി. ഒരു സന്യാസി. രാമൻ ചോദിച്ചു ആരാ ഇതിനുമുൻപ് ഇവിടെയൊന്നുംകണ്ടിട്ടില്ലല്ലോ? സന്യാസി മറുപടി പറയാതെ, രാമനോട് പറഞ്ഞു. മകനേ നളെ രാവിലെ

നീ കതക്ക തുറക്കുമ്പോ ഞാൻ ഈ മുറ്റത്ത് തന്നെ കാണം. ദാ ഈ കമ്പ്കൊണ്ട് എൻെറ തലയിൽ അടിക്കണം. അങ്ങനെ നിനക്ക് സ്വർണം ലഭിക്കും. എന്ത്?...രാമൻ ചോദിച്ചു.
സ്വാമിയെ അടിക്കാനോ അതെ സന്യാസി എന്നിട്ട് പോയി. പിറ്റേന്ന് രാവിലെ രാമൻ കതകുതുറന്നു. സന്യാസി മുറ്റത്തുണ്ട്. അദ്ദേഹം പറഞ്ഞതു പോലെചെയ്തു സ്വർണം ലഭിച്ചു. ഇത് കണ്ട് രാഘവൻ അമ്പരന്ന് പോയി. രാഘവൻചിന്തിച്ചു. അത്ഭുതം
ഞാനും ഇങ്ങനെ ചെയ്യാം. കുറെകഴിഞ്ഞ് സന്യാസി രാമൻ്റ വീട്ടിൽ നിന്നു പോയി. സന്യാസി...എന്നവിളികേട്ട് അയാൾ തിരിഞ്ഞു നോക്കി. രാഘവൻ ആണ് വിളിച്ചത്. രാഘവൻ സന്യാസിക്ക് വെള്ളം കൊടുത്തു. എന്നിട്ട് പറഞ്ഞു എനിക്ക് ഈ കാല് വയ്യ. അതെന്താണന്ന് നോക്കുമോ? സന്യാസി തലകുമ്പിടാൻ വേണ്ടിയാണ് ഇങ്ങനെ പറഞ്ഞത്. അദ്ദേഹം കുനിഞ്ഞതും ഒരു വടിയെടുത്ത് സന്യാസി
സന്യാസി
യെ രാഘവൻ അടിക്കാൻ തുടങ്ങി.എന്നിട്ട് സ്വർണം ലഭിച്ചില്ല. വീണ്ടും അടി തുടർന്നു സന്വാസി അയ്യോ രക്ഷിക്കണേ എന്ന് ഉറക്കെ വിളിച്ചു. രാഘവൻ തിരിച്ച്അടികൊടുത്തു. എല്ലാം കഴിഞ്ഞ് രാമൻ രാഘവനോട് പറഞ്ഞു ആതിമോഹം ആപത്തിനാണ് ഓർക്കുക.

നിത്യ ഗണേഷ്, 10B




തീരം തൊടാത്ത തിരയില്ല
കൂടണയാത്ത പക്ഷിയില്ല
വെയിലേറ്റു വാടാത്ത പുഷ്പമില്ല
നിശയില്ലാത്തൊരു ഭൂമിയില്ല

നിശ ഇവൾ ഭൂമിതൻ സഹോദരി
വെയിൽ പോയ വേളയിൽ
ഭൂമിക്കു തുണയായി മാറിയോൾ
ഭൂമിയെ താരാട്ടു പാടി ഉറക്കിയോൾ
മാനവർക്കു മുന്നിൽ ഇരുട്ടായോൾ

കവിക്കു മുന്നിൽ കവിതയായോൾ
ചന്ദ്രകാന്തത്തിനു മതണപ്പേകിയോൾ
പ്രകൃതിയ്ക്ക് താരാട്ടായി മാറിയവൾ
ഭൂമിയെ കുളിരണിക്കും
ഇവൾ നിശാഗന്ധി
കണ്ടതില്ല ഇവളെ മറ്റാരും
കവികൾ മാത്രം ഇവൾക്ക് തുണ
അവർ ഇവളെ വിളിച്ചു

നിശാഗന്ധി-നീയൊരു വർണ്ണ വിസ്മയം....

# കൂട്

നാലു പതിറ്റാണ്ടിനു ശേഷം വിദേശത്തുനിന്നു നാട്ടിലേക്കുതിരിച്ചു വരുകയാണ്. ഇനിഒരു മടക്കമില്ല. ഒത്തിരി കാര് യങ്ങൾ ചെയ്തൂതീർക്കണം. നാട്ടിലേ പഴയ മാഞ്ചോട്ടും അമ്പലത്തിൻെറ പിറകുവശത്തെ കുളവും കളിക്കൂട്ടുകാരെയുമൊക്കെ കാണണം അവസാനം പറ ഞ്ഞതു തന്നെയാണ് പധാന ഉദ്ദേശം. അതിനുപിന്നിൽ ഒരു കഥയുണ്ട്.

ഹൃദയത്തിലൂടെ ഒരു ആഹ്ലാദവീചി പായുന്നു. അറിയാതെ ഞാൻ പൂർവ്വകാല സ്മരണയിലേക്ക് വഴുതിവീഴുകയാണോ.... "പിയേ .... വരൂ.... പുറപ്പെടാൻ സമയമായി". പിന്നിൽ നിന്നുമുള്ള വിളികേട്ട് പ്രിയദർശനി തിരിഞ്ഞു നോക്കി . അവിടെ ഓർമകൾ ഉടഞ്ഞുവീഴുകയായിരുന്നോ?

അവർ കാറിൽ കയറി. പക്ഷേ ഇപ്പോഴും അവൾക്ക് ഒന്നും ഓർക്കാൻ കഴിയുന്നില്ല. ഇല്ലെങ്കിൽത്തന്നെ ടോയ്പ്ലെയിനിൻെറയും ടോയ്കാറിൻറെയും ഓർമ്മകൾ അവൾക്കുണ്ടായിരുന്നോ? അവളുടെ നോട്ടം ചുറ്റുമുള്ള യാന്ത്രിക ലോകത്തിലേക്കായിരുന്നല്ലോ. അപ്പോഴേക്കും രഘുവരൻ തിരിച്ചെത്തി. അവൾ യാത്ര തുടങ്ങുകയാണ് . ഒരു മടക്കയാത്ര യൗവ്വനവും കൗമാരവും പിന്നീട് ബാല്യ ത്തിലേക്കു കടക്കുകയാണ് ആ യാത്ര.....ദേവൂ.... ആരോ വിളിക്കും പോലെ അവനുമാത്രം വിളിക്കാനവകാശമുള്ള പേര്. വീടിൻറെ പിറകിലുള്ള പറമ്പിൽ ഒരു വലിയമാവുണ്ടായിരുന്നു. ഒരു നാൾ മുത്തച്ഛനോടൊപ്പം മാമ്പഴമെടുക്കാൻ പോയപ്പോഴാണ് അവനെ ആദ്യമായി കാണുന്നത് ആരും കാണുന്നില്ലെന്നുറപ്പുവരുത്തിയ മാവിൽ നിന്ന് പഴുത്ത് പോന്നിൻ നിറമണിഞ്ഞ മാമ്പഴക്കനികളെ വായിൽ നിറഞ്ഞ കൊതി വെള്ളവുമായി

സാഹ്രദാന.ആർ, 7A

# ബല്യകാലം

ഒരു അനുഭവക്കുറിപ്പ്

കുഞ്ഞമ്മയുടെ കല്യാണത്തിന് ഞാൻ കുഞ്ഞായിരുന്നു. എന്റെ കുഞ്ഞുനാളിലെ രൂപമാണ്എല്ലാവർക്കും ഇഷ്ട്ടം. കാരണം ഞാൻ കുഞ്ഞായിരുന്നപ്പോൾ നല്ലവണ്ണമുണ്ടായിരുന്നു. ഇപ്പോൾ ഞാൻ നല്ലമെലിഞ്ഞിട്ടാണ്. ഇപ്പോൾ കുഞ്ഞിലത്തെപോലെ ആർക്കുമെന്നെ അത്ര ഇഷ്ട്ടമല്ല. കുഞ്ഞമ്മയുടെ കല്യാണത്തിന് എന്നെഎല്ലാപേരും മാറി മാറിയെടുത്ത് താലോലിച്ചു. എനിക്ക് ആ ഫോട്ടോകൾ കാണുമ്പോൾ കണ്ണുനിറഞ്ഞു പോകുന്നു. കുഞ്ഞമ്മയുടെ കല്യാണ കാസറ്റ് ഇട്ടപ്പോൾ എന്നെകണ്ടു ഞാൻ തന്നെ അതിശയിച്ചു പോയി! അതുപോലിരിന്നങ്കിൽ! എനിക്കൊരു നിമിഷം തോന്നി. കാലം പലതും മായ്ച്ചു കളഞ്ഞു. അന്നത്തെ ഫോട്ടയിൽ കാണുന്ന കൊച്ചാപ്പയും ഇന്നില്ല.



Neethu A R, 9 A



# കലാലയം

കലാലയം   ഒരു കലാലയം

ഹരിശ്രീ കുറിക്കും കലാലയം

ഹരിതമയം ഹരിതയം

ഹരിതമയം കലാലയം

ഹരിതസേനതൻ കലാലയം

ഹരിതമയമാം കലാലയം

മലിനതനീക്കും കലാലയം

മലിന്യവിമുക്തമാം കലാലയം

അണിയണിയായ് നിറഞ്ഞിടാം

അണിയിച്ചൊരിക്കീടാം കലാലയം

ഹരിതമയം ഹരിതമയം

ഹരിതമയമീ കലാലയം

താഴേക്കിറുത്തിടുന്ന വള്ളിനിക്കറിട്ട
അവൻെറ കൊച്ചുരൂപം ഓർക്കുമ്പോൾ
ഉള്ളിൽ ഒരു നീറ്റൽ. അത് അലെങ്കിലും
അങ്ങനെതന്നെയല്ലെ ....
ചിരിച്ചതോർത്തു കരയാനും
കരഞ്ഞതോർത്ത് ചിരിക്കാനുമുള്ളതല്ലേ
ഓർമ്മകൾ

"ഡാ"....മുത്തച്ഛൻെറ ഇടർച്ച കലർന്ന
പരുക്കൻ വിളി കേട്ട അവനൊന്നു
ഞെട്ടി. അറിയാതെ
കൈവിട്ടുപോയി.താഴേക്കുവീണു.

"അമ്മേ......." എന്ന
അവൻെറവിളികേട്ട് അന്ന് ഞാൻ
പൊട്ടിച്ചിരിച്ചത് ജീവിതത്തിൽ
ചെയ്ത ഏറ്റവും വലിയ
രണ്ടാമത്തെ അപരാധമായി
ഇന്നും ഞാൻ കരുതുന്നു .
മുത്തച്ഛൻ അച്ഛൻെറ
കൊച്ചുകാതുകളിൽ പിടിച്ച്
ശകാരിക്കുന്നതുകണ്ടപ്പോൾ ഒരു
നേരത്തെ ആഹാരത്തിനു വേണ്ടി
സോദരൻെറ പാത്രത്തിൽ
കൈവച്ച ഒരു പാവത്തെ കൊന്ന
കാലൻെറ ഭാവമായിരുന്നു
എനിക്കെന്ന് ഇന്ന് ഞാൻ
തിരിച്ചറിയുന്നു. കാരണം
മധുവിനെ കടിച്ചുകീറിയ
കാലൻെറ ചിത്രം
ഈയിടയ്ക്കാണല്ലോ ,
കാണാനിടയായത് .
അപ്പോഴേക്കും വായിലൂറിയ
കൊതിവെള്ളം കണ്ണുനീരായി
പരിണമിച്ചിരുന്നു.

കുറച്ച് നേരത്തെ
ആക്രമണത്തിനു ശേഷം
മുത്തച്ഛനവനെ വെറുതെ വിട്ടു.
അവരൊരു ചമ്മലോടെ എന്നെ
നോക്കി. എന്നിട്ട് തിരിഞ്ഞു
നടന്നു. കാരണം
സമപ്രായക്കാരിയായ ഒരു
പെൺകുട്ടിയുടെ മുന്നിൽ വച്ചല്ലേ
നാണംകെട്ടത് .

പിന്നീട്
ഞാനവനെകാണുന്നത്
അമ്പലത്തിലെ
ഉത്സവസമാപ്തിദിവസത്തിലാണ്
മുമ്പ്
കൽക്കട്ടയിലായിരുന്നതിനാൽ
അമ്പലക്കുളവും മാഞ്ചോട്ടും
അമ്മിണിഏശുവുമൊക്കെ എന്നും
എനിക്കോരു ഹരം
തന്നെയായിരുന്നു. ഇന്നും
അങ്ങനെ തന്നെ. പക്ഷേ വിവാഹ

ശേഷം എന്തോ ഒന്ന് ആ
ഇഷ്ടങ്ങളെ അടിച്ചുടയ്ക്കും പോലെ
അന്ന് അമ്മയുടെ കൈവിട്ട്
കുളത്തിനടുത്തേക്ക് ഞാൻ
പോയി. മറ്റെല്ലവരും
ഉത്സവത്തിരക്കിലായിരുന്നു.
അമ്പലകുളത്തിനോട് ചാഞ്ഞ്
ഒരു ഇലഞ്ഞിമരമുണ്ട്. അതിൽ
നിന്നും താഴേയ്ക്കുവീണ ഒരു ചുവന്ന
പൂവ് കുളത്തിൽ ഒഴുകി നടക്കുന്നു
അത് എനിക്കു കൈയെത്താവുന്ന
ദൂരത്താണ് ശോണിമയാർന്ന ആ
പുഷ്പം അപ്പോഴേക്കും എന്നെ
ആകർഷിച്ചു കഴിഞ്ഞിരുന്നു.
അതെടുക്കാനുള്ള
ശ്രമത്തിനിടയിൽ അറിയാതെ
കുളത്തിലേക്ക് വീണു പോയി.
രക്ഷിക്കാനായുള്ള നിലവിളി
ആരും ചെവികൊണ്ടില്ല.
നീന്താൻ ശ്രമിച്ചുനോക്കി. പക്ഷേ
ആകുന്നില്ല
തളരുകയാണ്,ബോധം
മറഞ്ഞുതുടങ്ങിയിരിക്കുന്നു. രണ്ടു
കൊച്ചു കൈകൾ
എന്നെതാങ്ങിയെടുത്ത പോലെ.
അതവനായിരുന്നു.
കുറച്ചുനേരത്തെ ഞെട്ടലിനുശഷം
ഞാൻ മന:സംയമനം
വീണ്ടെടുത്തു. എന്നെ രക്ഷിച്ചത്
അവനാണെന്ന് തിരിച്ചറിവ്
എന്നെ വല്ലാതെ
അലട്ടുകയായിരുന്നു. അന്നു
മുത്തച്ഛൻ ശകാരിച്ചപ്പോൾ
മറുവാക്ക് മിണ്ടാൻ ഞാൻ
തയാറായില്ല. ഒരു മാമ്പഴം
അവന് നേരെ നീട്ടാൻ ഞാൻ
കൂട്ടാക്കിയില്ല. പക്ഷ ഇപ്പോൾ
അവൻെറ മുഖത്ത് ഒരു
വില്ലാളിവീരൻെറ ഭാവമാണ്.
പിന്നങ്ങോട്ട് തറവാട്ടിലെ
ഏകാന്തതയിലായിരുന്നില്ല
എൻെറ നാളുകൾ.
ജീവലോകത്തിൻെറ
വിശാലതയിൽ ഒരു കൂട്ട് എനിക്കും
കിട്ടി.

ഞങ്ങളൊന്നിച്ചു കളിച്ചു.
ആഗ്രഹങ്ങൾ പകുവച്ചു .
ദുഖത്തിൻെറ വ്രണങ്ങളിൽ
പരസ്പരം ഔഷധം പുരട്ടി.
മാമ്പഴങ്ങൾ ഒന്നിച്ചു കഴിച്ചു.
കൽക്കട്ടയിലേക്ക്
തിരിച്ചുപോകുന്നില്ലെന്ന തീരുമാനം
എന്നെ ആശ്വസിപ്പിച്ചത്

അവൻെറ സാന്നിധ്യം
നഷ്ടമാകില്ലെന്ന
തിരിച്ചറിവുകൊണ്ടുതന്നെയാണ്.
പക്ഷേ ഞങ്ങളുടെ കൂട്ടുകെട്ട്
മറ്റുള്ളവർക്ക്
അസഹിനീയമായിരുന്നു.
കാരണം ഞങ്ങൾ അപ്പോഴേക്കും
യൗവനംഎത്തിയിരുന്നു.
സമപ്രായക്കാരായ
പെൺകുട്ടിയും ആൺകുട്ടിയും .
അവർ വ്യത്യസ്ത സാമൂഹിക
സ്ഥിതിയിൽപ്പെട്ടവർ. അവൻ
ഇസ്ലാം ഞാൻ ഹിന്ദു. അവൻ
ജീവിച്ചിരുന്നത് ഒരു കുടിലിൽ.
ഞാൻ വിശാലമായ തറവാട്ടിൽ.
അക്ഷരാഭ്യാസവും
സംസ്കാരവുമില്ലാത്തവരെന്ന്
മറ്റുള്ളവർ അവരെ
വിശേഷിപ്പിച്ചപ്പോൾ ഞങ്ങളുടെ
തറവാടിനെ 'ഒന്നാന്തര' മെന്നു
വിശേഷിപ്പിച്ചു . പക്ഷേ
എനിക്കുറപ്പുണ്ട്. അവൻ എൻെറ
സംസ്കാരം കുറച്ചിട്ടില്ല.
മനുഷ്യത്വവും നന്മയും നിറച്ച്
സംസ്കാരമുള്ളിൽ നിറച്ചിട്ടേയുള്ളൂ.


ഞങ്ങൾ
തമ്മിൽ പ്രണയമാണെന്നാണ്
നാട്ടുകാർ പറയുന്നത്. പക്ഷേ
ആണോ? അതെ ഞങ്ങൾ
തമ്മിൽ പ്രണയമായിരുന്നു.
കാമമില്ലാത്ത പ്രണയം.
അതുകൊണ്ട്ത്തന്നെ സമ്പന്നനും
ഉന്നതനുമായ രഘുവരനുമായി
വിവാഹം നിശ്ചയിച്ചു. പെട്ടെന്ന്
ആരെയുമറിയിക്കാതെ ഇല്ലെങ്കിൽ
ഞാൻ അവൻെറ കൂടെ
ഒളിച്ചോടില്ലേ. എന്നോടാരും
സമ്മതം ചോദിച്ചില്ല. പക്ഷേ
എനിക്ക് അദ്ദഹത്തോട്
ഇഷ്ടമമോ അനിഷ്ടമോ
ഇല്ലായിരുന്നു. അവനെ വിട്ട്
അദ്ദേഹത്തോടൊപ്പം
വിദേശത്തിലേക്ക്
പോകാനായിരുന്നു എനിക്കിഷ്ടം
പക്ഷേ അതു നടന്നു എൻെറ
വിവാഹം. എന്നെ കാണാനായി
വന്ന അവനെ ആരും
അനുവദിച്ചില്ല. അടുത്തനാൾ
ഇവിടേയ്ക്ക് വന്നതാണ് പിന്നീട്
തിരിച്ചുവരുന്നത് ഇപ്പോഴാണ്.
ആലോചിച്ച് സമയം
പോയതറിഞ്ഞില്ല. ഒത്തിരി ദൂരം

പിന്നിട്ടിരിക്കുന്നു. പിന്നെയും ഒത്തിരി ദൂരം. ഇപ്പോൾ നാട്ടിലെത്തിയിരിക്കുന്നു.

അവനെക്കുറിച്ച് പരോക്ഷമായി ഞാൻ കുറേ തിരക്കി. അറിഞ്ഞു.അവൻ മരിച്ചുപോയി. വിവാഹം കഴിഞ്ഞു രണ്ടു മക്കളുണ്ട്. മരിച്ചപ്പോൾ എന്നെ കാണണമെന്ന ആഗ്രഹത്തോടെയാണ് മരിച്ചത് . ഇപ്പോഴെന്തോ ഒരു വികാരവും തോന്നുന്നില്ല. അതെ ,അവൻ ഇപ്പോഴും എന്നിലൂടെ ജീവിക്കുന്നുണ്ടല്ലോ. അവൻെറ ശരീരത്തെയല്ലല്ലോ ,ഞാൻ കൂട്ടുകാരനെന്നു വിളിക്കാനാഗ്രഹിക്കുന്നത്. പ്രണയിച്ചത് അവൻെറ മനസിനെയല്ലെ,ആശയങ്ങളെല്ലെ. അതെ ഞങ്ങൾ തമ്മിൽ പ്രണയമായിരുന്നു. കടുത്ത പ്രണയം. അതിനെയാണ് ഞാൻ പ്രണയമെന്നു വിളിക്കാനാഗ്രഹിക്കുന്നത്. പകർന്ന സംസ്കാരത്തെയാണ് ഞാൻ സംസ്കാരം എന്ന് വിളിക്കാൻ ആഗ്രഹിക്കുന്നത്. അവൻ പകർന്ന കൂട്ടിനെയാണ് ഞാൻകൂട്ട് എന്ന് വിളിക്കാൻ ആഗ്രഹിക്കുന്നത്. അവനെയാണ് ഞാൻ കൂട്ടുകാരനെന്നു വിളിക്കാൻ ആഗ്രഹിക്കുന്നത്.



Devika S , 9A



# EXAMINATION

**EXAMINATION!! EXAMINATION!!**
**ENGLISH WITH PUNCTUATION,**
**MATHS WITH CALCULATION,**
**HISTORY WITH REVOLUTION,**
**GEOGRAPHY WITH GRAVITATION,**
**POLITICS WITH NOMINATION,**
**PHYSICS WITH CONVERSION,**
**CHEMISTRY WITH EQUATION,**
**BIOLOGY WITH RESPIRATION,**
**COMPUTER WITH PRESENTATION,**
**STUDY WITH CONCENTRATION....**
**FINALLY, RESULT IN CELEBRATION.**

Nandhini A J, 8B

# MY MOTHER



**The God who gave birth**
**the God whom I saw first**
**the God who hugged me**
**it's all my mother**

# True friend

Arundhathi P R,10A




**Leaves fade away**
**Generations pass away**
**but a true friend**
**never deserts you on the way**

**she is happy in your happiness**
**she  is sad in your sadness**
**she is there in all your Triumphs and disasters**
**And helps you in time of distress**

**Thus, she is a living deity of cheerfulness**
**she will leave you until you smile**
**she encourages you to be among the best**
**she is there by you side**

**To catch you when you tumble**
**she is your prop and shadow**
**it is hard to find a friend like you...**



AMRITHA.V.R, 8 B

# मेहनत का महत्व

मानव जीवन में मेहनत का बडा महत्व है । काम किए बिना आराम से रहने से हमारा जीवन आगे नहीं बढा अधिक परिश्रम करना चाहिए। जीवन की मुसीबतों को स्वीकार करके आत्मविश्वास के साथ आगे बढना चाहिए ।अपनी उन्नती के साथ समाज केलिए भी प्रयत्न करना चाहिए ।निरंतर परिश्रम करने से हमारा जीवन सफल बन जाएगा ।




# मेरी प्यारी हिंदी

जनता की भाषा ,हिंदुस्तान की भाषा,
मन की भाषा , शान की भाषा,
सबसे न्यारी भाषा ,प्राणों से भी प्यारी भाषा,
देशवासियों की भाषा ,संस्कृति की भाषा,
सबसे सुंदर भाषा , भाव -विचारों की भाषा,
जन-जीवन की भाषा,सारी जनता की भाषा,
देश की प्रगति की भाषा,भारतीयता की भाषा,
सुख-शांति की भाषा,कितना मन मोहक भाषा,
क्राति की भाषा,मेरी प्यारी हिंदी भाषा ।

# LITTLE KITES ACTIVITIES












DON'T GET HOOKED!









